കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1936/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 03.10.2017

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി

ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്,

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1936/2017 തീയതി: 03.10.2017

## തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016 മുതൽ 16.08.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017 മുതൽ 18.09.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മുഹമ്മദ് സലീം. എം, ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുരേഷ് ബാബു.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. കോസല രാമദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലിപു എസ്.ലോറൻസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അനിൽകുമാർ | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | റ്റൈറ്റസ് .ഡി | 01.04.2016മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്,വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | കലാറാണി,<br>പ്രണവം,കുറ്റിക്കാട് ലൈൻ, കൈമനം | 01-04-16മുതൽ<br>31-03-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | സജീഷ എ എസ്<br>മാധവം,മൈത്രി നഗർ,<br>റ്റിസി18/1095 (6),വലിയവിള,<br>തിരുമല,695012 | 01-04-2016മുതൽ<br>31-03-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | വടക്കേ മേലതിൽ, കൃഷ്ണവിലാസം,<br>കരുംകുളം,പുതിയതുറ പി ഒ 695526 | 01-04-2016മുതൽ<br>31-03-2017വരെ |

| | | |
|---|---|---|
| ഐ.സി.ഡി.<br>എസ്.<br>സൂപ്പർവൈസർ | ലതിക പി എസ്<br>പ്രണവം,വ്ളാത്താങ്കര,<br>വ്ളാത്താങ്കര പി ഒ<br>695134 | 01-04-2016മുതൽ<br>31-03-2017വരെ |
| മെഡിക്കൽ<br>ഓഫീസർ<br>പി.എച്ച്.സി | ഡോ.മാലിനി<br>സാവരിയ,റ്റി സി<br>10/767-7<br>സൂര്യ ലൈൻ,<br>ഹൗസ് നം 77എ<br>മണ്ണാംമൂല,പേരൂർക്കട<br>695005 | 01-04-2016മുതൽ<br>31.3.2017 വരെ |
| മെഡിക്കൽ<br>ഓഫീസർ<br>(ആയുർവ്വേദം) | ഡോ.സിന്ദുറാണി<br>ആരാമം,മേപ്പൂക്കട,<br>മലയിൻകീഴ്<br>695571 | 01-04-2016മുതൽ<br>06-12-2016 വരെ<br>17-12-2016മുതൽ<br>31-03-2017വരെ |
| മെഡിക്കൽ<br>ഓഫീസർ<br>(ഹോമിയോ) | ഡോ.അഗസ്റ്റിൻ,<br>മാനസം,സ്വാഗത്<br>റസിഡന്റ്<br>അസോസിയേഷൻ<br>വാർഡ് 1<br>സ്വാഗത് ലൈൻ,<br>ഇലിപ്പോട്,695013 | 01-04-2016മുതൽ<br>31-03-2017വരെ. |
| ഹെഡ്മാസ്റ്റർ | ശ്രീ.ജയകുമാർ | 01-04-2016മുതൽ |

| | | |
|---|---|---|
| | ഉഷാസദനം,<br>തുങ്ങാംപാറ,<br>കണ്ടല പി ഒ 695512 | 31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ലിയോ എൽ ജോസ്<br>ജോസ് വില്ല, മണ്ണടിക്കോണം,<br>ഊരുട്ടമ്പലം പി ഒ 695507 | 01-04-2016മുതൽ<br>31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഭാഗ്യലക്ഷ്മി<br>കൂര 2 എച്ച് .ഡി<br>ലക്ഷമീകാന്തം, കോട്ടറവിള<br>വട്ടിയൂർക്കാവ് | 01-04-2016മുതൽ<br>31-03-2017വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | വാർഷിക ധനകാര്യ പത്രിക - അപാകതകൾ | 1-6 | |
| 7 | പദ്ധതി അവലോകനം. | 1-7 | |
| 8 | തനത് വരുമാനം. | 1-8 | |
| 9 | ക്ഷേമപദ്ധതികൾ | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 13 | തൊഴിൽ ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല | 2-1 | |
| 14 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല | 2-2 | |
| 15 | ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 2-3 | |

| | | | |
|---|---|---|---|
| 16 | ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു | 2-4 | |
| 17 | പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല | 2-5 | |
| 18 | ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് (ഡി.ആന്റ്.ഒ.ലൈസൻസ്) നൽകിയിട്ടില്ല. | 2-6 | |
| 19 | വസ്തുനികുതി കുടിശ്ശിക – 5384077/- രൂപ | 2-7 | |
| 20 | മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല | 2-8 | |
| 21 | പഞ്ചായത്ത് പരിധിയിലുള്ള അൺഎയിഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല | 2-9 | |
| 22 | പരസ്യനികുതി ഈടാക്കുന്നില്ല | 2-10 | |

| | | | |
|---|---|---|---|
| 23 | ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-11 | |
| 24 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 2-12 | |
| 25 | അനധികൃതനിർമ്മാണം - രജിസ്റ്റർസൂക്ഷിക്കുന്നതിൽ - അപാകതകൾ | 2-13 | |
| 26 | വസ്തു നികുതി നിർണ്ണയം -പരിഷ്കരണം | 2-14 | |
| 27 | വസ്തു നികുതി - അപാകങ്ങൾ | 2-15 | |
| 28 | ലൈസൻസുള്ള പട്ടികൾ 5.53% മാത്രം | 2-16 | |
| | ഭാഗം 3 | | |
| 29 | അങ്കണവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-1 | |
| 30 | അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്. | | |
| 31 | ജാഗ്രതാ സമിതികൾ നിർജ്ജീവം | 3-3 | |
| 32 | പൊതുടാപ്പുകളുടെ വെള്ളക്കരം - മീറ്ററിംഗ് സംവിധാനം | 3-4 | |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിട്ടില്ല | | |
| 33 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല | 3-5 | |
| 34 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല | 3-6 | |
| 35 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-7 | |
| 36 | ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴുവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 3-8 | |
| 37 | എസ്.സി.പി. നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 3-9 | |
| 38 | റോഡ് കണക്റ്റിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല | 3-10 | |
| 39 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-11 | |
| 40 | പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കുന്നില്ല | 3-12 | |

| | | | |
|---|---|---|---|
| 41 | അങ്കണവാടി വെൽഫയർ കമ്മിറ്റി, നിരീക്ഷണക്കമ്മിറ്റി എന്നിവ നിർജ്ജീവം | 3-13 | |
| 42 | ABC നടപ്പിലാക്കിയില്ല – ജനജീവിതം ദുരിതപൂർണ്ണം | 3-14 | |
| 43 | അംഗീകാരം ലഭിച്ച 199 പദ്ധതികളിൽ 28 പദ്ധതികൾ നടപ്പിലാക്കിയില്ല | 3-15 | |
| 44 | വിളവൂർക്കൽ പഞ്ചായത്ത് - മൃഗാശുപത്രി മെയിന്റൻസ് - അപാകതകൾ - നഷ്ടം 3034/- രൂപ | 3-16 | |
| 45 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 3-17 | |
| 46 | പാലിയേറ്റീവ് കെയർ - കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്. | 3-18 | |
| 47 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ തുക – 308000/- രൂപ നിരാകരിക്കുന്നു. | 3-19 | |
| | ഭാഗം 4 | | |
| 48 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ | 4-2 | |

| | | | |
|---|---|---|---|
| | തുകയുടെ വിവരങ്ങൾ | | |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 53 | ഓഡിറ്റ് റിക്കവറി | 4-6 | |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 04.03.2016തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 260461000/-രൂപയും പ്രതീക്ഷിത ചെലവ് 261593600/-രൂപയും നീക്കിയിരിപ്പ് 12418113.95/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2017 | 29.07.2017 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 13.09.2017 | - |

# 1- 4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7409613.95 |
| വരവ് | 63453531.00 |
| ആകെ | 70863144.95 |
| ചെലവ് | 58058220.00 |
| നീക്കിയിരിപ്പ് | 12804924.95 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 12958504 | 12958504 | 12958504 | 0.00 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2024920 | 2024920 | 2024920 | 0.00 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 88247 | 88247 | 88247 | 0.00 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 5355837 | 5355837 | 5355837 | 0.00 |

| | | | | | |
|---|---|---|---|---|---|
| സംര. ഗ്രാന്റ് (നോൺ റോഡ്) | 0 | 3515770 | 3515770 | 3515770 | 0.00 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7953633 | 7953633 | 7953633 | 0.00 |
| പെർഫോമൻസ്ഗ്രാന്റ് (central) | 0 | 4016034 | 4016034 | 4016034 | 0.00 |
| എം.എൻ.ആർ. ഇ. ജി.എസ്. | 5756 | 959719 | 965475 | 942057 | 23418.00 |
| ബി ഫണ്ട് | 0 | 1098600 | 1098600 | 1098600 | 0.00 |
| തനത് ഫണ്ട് | 4859002.25 | 6842824 | 11701826.25 | 3779088 | 7922738.25 |
| ജനറൽ പർപ്പസ് ഫണ്ട് | 2393569.00 | 9221976 | 11615545 | 6877400 | 4738145.00 |

## 1-6 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ ബി3 ഷെഡ്യൂളിലെ Capital Contributionതുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) B5 ഷെഡ്യൂളിലെ Secured loan from co-operative banks 3991273/- ആണ് കാണുന്നത്. loan register പ്രകാരം ടി തുക 3916273/- ആണ്. 75000/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

3) Discrepancy solving step ലൂടെ എല്ലാ അപാകതകളും പൂർണ്ണമയും പരിഹരിച്ചിട്ടില്ലാത്തതിനാൽ ആർ.പി. പത്രികയിലെ Residential building arrear, current, Non-residential building arrear current എന്നിവ പൂർണ്ണമായും കണക്കാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യയിൽ 2016-17 വർഷത്തെ കളക്ഷൻ കൃത്യമാണോയെന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4) തൊഴിൽനികുതി, ഡി & ഒ എന്നീ രജിസ്റ്ററുകളിൽ ഡിമാന്റ് , കളക്ഷൻ ബാലൻസ് എന്നിവ കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

6. തനത്ഫണ്ട് വരവിൽ വ്യത്യാസം നിലനില്ക്കുന്നു.

| ക്രമ നം. | ഇനം | രജിസ്റ്റർ/ഡി സി ബി പത്രിക പ്രകാരമുള്ള വരവ് | AFSപ്രകാരമുള്ള വരവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തൊഴിൽ നികുതി (ജീവനക്കാർ ) | 155085.00 | 499670.00 |
| 2 | കെട്ടിട നികുതി (തൻ വർഷം ) | 2595406.00 | 2337861.00 |
| 3 | കെട്ടിട നികുതി (കുടിശ്ശിക) | 1379450.00 | 1286083.00 |

7. ഡി സി ബി പത്രിക പ്രകാരം തൊഴിൽ നികുതി (ജീവനക്കാർ ), വസ്തു നികുതി (തൻവർഷം) എന്നിവയുടെ ഡിമാന്റ് യഥാക്രമം 155085/- രൂപയും 4354289/- രൂപയുമാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ഇവ യഥാക്രമം 511670/- രൂപയും 4348188/- രൂപയുമാണ്.

8. സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരം വിനോദ നികുതി വരവ് 658095/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം വരവ് 490695/- രൂപയാണ്.

9. 2015 – 16 ലെ എ.എഫ്.എസ് പ്രകാരം തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് എന്നിവയ്ക്ക് കുടിശ്ശിക ഇല്ല. എന്നാൽ തൻവർഷം ഈ ഇനങ്ങളിൽ യഥാക്രമം 16870/- രൂപയുടെയും 14200/- രൂപയുടെയും വരവുണ്ട്.

10. M.G.N.R.E.G.S അക്കൌണ്ടിൽ RP 31 പ്രകാരമുള്ള വരവ് 959719/- രൂപയും RP 16 പ്രകാരമുള്ള ചെലവ് 942057/- രൂപയും ആണ്. എന്നാൽ സ്ഥാപനത്തിന്റെ കാഷ് ബുക്ക് പ്രകാരം ഇവ യഥാക്രമം 966619/- രൂപയും 948957/- രൂപയുമാണ്. 6900/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ടി 6900/- രൂപ I – 6, I – 14 (a) ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല.

11. RP 40 (b) യിൽ പ്ളാൻ ഫണ്ട് SBI അക്കൗണ്ടിൽ 80511.20/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നു. ഇത് സംബന്ധിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

12. വാർഷിക ധനകാര്യ പത്രിക പ്രകാരം ഷോ ടാക്സ് ഇനത്തിൽ 155085/- രൂപയുടെ വരവ് കാണുന്നു. ഷോ ടാക്സ് നിർത്തലാക്കിയ സാഹചര്യത്തിൽ ഇത് ഏത് ഇനത്തിലെ വരവ് ആണെന്ന് വ്യക്തമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എനക്വയറി നം 32പ്രകാരം സെക്രട്ടറിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 198 | 59870927 | 171 | 37723669 | - | 27 | 86.36 |

# 1- 8 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം |
|---|---|---|
| നികുതി വരവുകൾ | 3855422 | 5185371 |
| നികുതിയേതര വരവുകൾ | 1141876 | 124660 |
| മറ്റുവരവുകൾ | 436441 | 1532793 |
| ആകെ | 5433739 | 6842824 |

# 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 768600 | 410 |
| കർഷകതൊഴിലാളി പെൻഷൻ | 3289410 | 356 |
| വിധവാപെൻഷൻ | 12179720 | 1280 |
| വാർദ്ധക്യകാലപെൻഷൻ | 20074305 | 2061 |
| വികലാംഗപെൻഷൻ | 3407950 | 361 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 330000 | 15 |

| | | |
|---|---|---|
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 126340 | 13 |

# 1- 10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2017ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26202/-രൂപയുടെ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-11 ആഭ്യന്തര നിയന്ത്രണം

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് രജിസ്റ്ററിലെ മുഴുവൻ പേരേയും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെയും രജിസ്ട്രേഷൻ പുതുക്കാതെയും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ അർധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കേണ്ടതും വികസനമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്. അങ്കണവാടികളുടെ നിലവിലെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. സാമൂഹ്യ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറുമ്പോൾ അന്വേഷണ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

ചെലവ് രേഖകളിലെ ബില്ലുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പ് തൃപ്തികരമാണ്. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ – ചട്ടങ്ങൾ 1997 ചട്ടങ്ങളിലെ ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ പൂർണമായും പാലിച്ചിട്ടില്ല. പ്രോജക്റ്റ് രജിസ്റ്റർ (അസിസ്റ്റന്റ് എഞ്ചിനീയർ) എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ നിർവഹണാധികാരി വാർഷിക അവലോകന റിപ്പോർട്ട്, മെയിന്റനൻസ് പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ വിഷയങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2017 - 16.08.2017 | 01.02.2017-31.07.2017 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2014 – 21.02.2014 | 2008-09 മുതൽ 2012-13 വരെ | - |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർധവർഷം വീട്ടുവാടകബത്ത, സി.സി.എ, യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവയൊഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്.എന്നാൽ വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർധ വാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ, ബോണസ്സ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിൽ പറയുന്ന ആകെ അർധവാർഷിക വരുമാനത്തിൽ

പ്രസ്തുത വരുമാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്.

## 2 -2 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽനികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുള്ളത്. കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിനായിട്ടില്ല. ആയതിനാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 5മാതൃകയിൽ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലെ മുഴവൻ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളു.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സഞ്ചയ പ്രകാരം 1127 സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ആകെ 260 സ്ഥാപനങ്ങൾ മാത്രമേ 2016 – 17 ലെ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉള്ളൂ. പഞ്ചായത്ത് മേഖലയിലെ മുഴവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

## 2-4 ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു.

ഡി. ആന്റ് ഒ. ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ആരോഗ്യവകുപ്പിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ്, ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്ന/വിൽപന നടത്തുന്ന/ സംഭരിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഹെൽത്ത്

കാർഡ് (ആവശ്യമായവയ്ക്ക്), എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2 -5 പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല

ജി.ഒ (ആർ.ടി.) 795/2007/ത.സ്വ.ഭ.വ, തിയതി. 16-03-2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഉത്തരവനുസരിച്ച് 30മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചു കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുവെന്നുള്ള സാക്ഷ്യപത്രം അപേക്ഷകൻ നൽകണമെന്നിരിക്കെ ആയത് ഹാജരാക്കാതെയുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2 - 6 ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് (ഡി.ആന്റ്.ഒ.ലൈസൻസ്) നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം 2016-17സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ 1127 കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 237 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകോണ്ടുള്ള 14.08.2017 -ലെ 8 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനതുവരുമാനത്തിന് ഭീമമായ തുകയുടെ നഷ്ടമുണ്ടാക്കുന്ന വിധം പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ച് ലൈസൻസ് നൽകേണ്ടതാണ്. കൂടാതെ ലൈസൻസിനായി അപേക്ഷിക്കുന്ന മിക്ക സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ വിറ്റുവരവ്, തീയതി വിവരങ്ങൾ അപേക്ഷയിൽ വ്യക്തമാക്കാതെയാണ് ലൈസൻസിനായി അപേക്ഷിക്കുന്നത്. ഭാവിയിൽ ലൈസൻസ് നൽകുമ്പോൾ വിറ്റുവരവ് വിവരം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി മാത്രം ലൈസൻസ് നൽകേണ്ടതാണ്. വൈകി അപേക്ഷിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2 - 7 വസ്തുനികുതി കുടിശ്ശിക – 5384077/- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 5384077/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം പ്രസ്തുത തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതാണ്. വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2 - 8 മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല.

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ.(അ)19/2011/തസ്വഭവ/ തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2 (m), സ.ഉ. (സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്തേണ്ടതാണ്.

## 2- 9 പഞ്ചായത്ത് പരിധിയിലുള്ള അൺഎയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

പൊതു വിദ്യഭ്യാസ വകുപ്പിൻെറ ഉത്തരവ് നം ജി.ഒ.ആർ.ടി2427/2007 /പൊതുവിദ്യാഭ്യാസം തീയതി 1.8.2007 പ്രകാരം തദ്ദേശസ്ഥാപന പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ആയിരം രൂപ നിരക്കിൽ ഈടാക്കാനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൽ അപ്രകാരം അൺഎയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10ന്

മറുപടിയായി പഞ്ചായത്തിന്റെ പരിധിയിലുള്ള 5 അൺ എയ്ഡഡ് സ്ഥാപനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട് .

## 2 - 10 പരസ്യനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്തിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.ഈ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം11 തിയതി-13.09.2017) നല്കിയ മറുപടി തൃപ്തികരമല്ല.

## 2 - 11 ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ - ചട്ടം 4എ(1) പ്രകാരം ബിസിനസ്സ് നടത്തുക എന്ന ആവശ്യത്തിനായി ഒരു കമ്പനിക്കോ ആൾക്കോ ഒരു ഓഫീസോ ഏജന്റോ പഞ്ചായത്തിൽ ഉണ്ടെങ്കിൽ, അങ്ങനെയുള്ള ആഫീസിനോ ഏജന്റിനോ ആ കമ്പനിയേയോ ആളിനേയോ ബന്ധിക്കുന്ന കരാറുകൾ ചെയ്യാൻ അധികാരമുണ്ടെങ്കിലും, ഇല്ലെങ്കിലും, ആ കമ്പനിയോ ആളോ പഞ്ചായത്ത് പ്രദേശത്തിനകത്ത് ബിസിനസ്സ് നടത്തി വരുന്നതായി കരുതേണ്ടതും, നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്. www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | സ്ഥലം |
|---|---|---|
| 1 | കൃപ ഫൈനാൻസ് | പേയാട് |
| 2 | സാബു ഫൈനാൻസ് | ചന്തമുക്ക് |
| 3 | സുരഭി | കുണ്ടമൺഭാഗം |
| 4 | അമ്മ ഫൈനാൻസ് | പൊറ്റയിൽ |
| 5 | തെങ്ങുവിളയിൽ | മലയം |

| | | |
|---|---|---|
| | ഫൈനാൻസ് | |
| 6 | ശ്രീ കൃഷ്ണ ഫൈനാൻസ് | ചൂഴാറ്റുകോട്ട |
| 7 | ശ്രീ അയ്യപ്പാ ഫൈനാൻസ് | ചൂഴാറ്റുകോട്ട |
| 8 | M.M ഫൈനാൻസ് | പെരുകാവ് |

## 2-12 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ചയുണ്ട്.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഡിവൈൻ ആയുർവേദിക് ഹോസ്പിറ്റൽ | II |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് | II |
| 3 | മാവേലി സ്റ്റോർ | I & II |
| 4 | മിനി മുത്തൂറ്റ് നിധി | II |
| 5 | പത്മനാഭ ഓഡിറ്റോറിയം | I & II |
| 6 | രാജദീപം ഓഡിറ്റോറിയം | I & II |
| 7 | തിരുവനന്തപുരം അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി ലിമിറ്റഡ് | I & II |
| 8 | ശ്രുതിലയം ഓഡിറ്റോറിയം | I & II |
| 9 | വിമൻസ് കോ ഓപ്പറേറ്റീവ് സംഘം | I & II |

2. വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സെന്റ് മേരീസ് സെൻട്രൽ സ്കൂൾ | I |

| | | |
|---|---|---|
| 2 | സെന്റ് ജെമ്മാ സെൻട്രൽ സ്കൂൾ | I & II |
| 3 | ഡിവൈൻ ആയുർവേദിക് ഹോസ്പിറ്റൽ | II |
| 4 | എസ് പി കൺവെൻഷൻ സെൻട്രൽ | I & II |

3. പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ, പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ഡ്രൈവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

4. പഞ്ചായത്ത് പരിധിയിലെ പ്രൊഫഷണൽസ്, ഗവ കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2- 13 അനധികൃതനിർമ്മാണം - രജിസ്റ്റർസൂക്ഷിക്കുന്നതിൽ - അപാകതകൾ

1994ലെകേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ.എ പ്രകാരം അനധികൃത കെട്ടിടങ്ങൾ, അവയുടെ നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ നിലവിലുള്ള കെട്ടിട നികുതിയുടെ കൂടെ അതിൻെറ രണ്ടിരട്ടി പിഴ കൂടി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ സർക്കുലർനം. 29342/R1/LSGD തീയതി 19.5.14 പ്രകാരം അത് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കണമെന്നും നിഷ്കകർശിക്കുന്നു. എന്നാൽ യൂ.എ രജിസ്റ്റർ 2017 ലാണ് ഉപയോഗിച്ച് തുടങ്ങിയത്. ഇതിൽ നാളിതുവരെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഇതുകാരണം അനധികൃത നിർമ്മാണത്തിനുള്ള പിഴ ഈടാക്കിയിട്ടുള്ളതിന്റെ ആധികാരികത പരിശോധിച്ചുറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. ഈയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2- 14 വസ്തു നികുതി നിർണ്ണയം -പരിഷ്ക്കരണം

14.01.2011 ലെ സർക്കാർ ഉത്തരവ് (അ) നം.20/11/തസ്വഭവ പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 13.03.2013 ലെ സ.ഉ(പി) നം. 88/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്തുകളിലെ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് 14-01-2011 ൽ സ.ഉ(അ)നമ്പർ 19/11/തസ്വഭവ നമ്പർ ഉത്തരവും 24.02.2015 ലെ സർക്കാർ ഉത്തരവ് (അ)നം.36/2015/തസ്വഭവ ആയി ഭേദഗതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. 2013-14 വർഷത്തിന് മുമ്പുള്ള വസ്തു നികുതി കുടിശ്ശിക ജനറേറ്റ് ചെയ്തിട്ടുണ്ട്. പുതുക്കിയ സഞ്ചയ സോഫ്റ്റ് വെയറിൽ 2013-14 വർഷം മുതലുള്ള വസ്തു നികുതി ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതിന്

സാധിക്കുകയുള്ളൂ വെന്നതിനാൽ പഴയ നികുതി കുടിശ്ശിക ചേർത്ത് തന്നെയാണ് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വരുന്നത്. 14.01.2011 മുതൽ 31.03.2013 വരെയുള്ളവയ്ക്ക് പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നില്ല. സ.ഉ.(എം.എസ്.)358/2015/ത.സ്വ.ഭ.വ. നമ്പർ 6.12.2015 തീയതിയിലെ ഉത്തരവ് പ്രകാരം 185 എം$^2$ ന് മുകളിലുള്ള വാസഗൃഹങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയ കെട്ടിടങ്ങളേയും മാറ്റം വരുത്താത്ത കെട്ടിടങ്ങളെയും പരിശോധിച്ച് വസ്തു നികുതി പരിഷ്കരിച്ച് നിർണ്ണയിച്ചിട്ടുമുണ്ട്. ആയതനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നുണ്ട്. മേൽ ഉത്തരവ് പ്രകാരം ഘടനാപരമായ മാറ്റങ്ങൾ വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്തിട്ടുള്ള കെട്ടിടങ്ങൾക്ക് പഴയ ഭാഗത്തിന് പഴയ നിരക്കിലും പുതുക്കിയ ഭാഗത്തിന് പുതിയ നിരക്കിലുള്ള ആനുപാതിക വർദ്ധനവ് വരുത്തി നികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. ഘടനാപരമായ മാറ്റങ്ങൾ പരിശോധിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾ പരിശോധന നടത്തിയിട്ടുള്ളതും ആയത് സംബന്ധിച്ച പഴയ അസസ്മെന്റ് രജിസ്റ്ററുകൾ, പെർമിറ്റ് രജിസ്റ്റർ, പ്ലാനുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നത്.

## 2 -15 വസ്തു നികുതി - അപാകങ്ങൾ

1. കെട്ടിടങ്ങളുടെ മുഴുവൻ പ്ളിന്ത് ഏരിയയ്ക്കും നികുതി ഈടാക്കുന്നില്ല.

ഉദാ: പെർമിറ്റ് നം എ5 – 260/2017 പ്രകാരം മാൻഷൻ ഫ്ളാറ്റ്, പള്ളിമുക്ക് ന്റെ പ്ളിന്ത് ഏരിയ 6441.95 m2 ആണ്.എന്നാൽ സഞ്ചയ പ്രകാരം 4862.88 m2 ന് മാത്രമാണ് നികുതി ഈടാക്കുന്നത്.

2. മതിയായ രേഖകളുടെ അഭാവത്തിൽ ഒക്കുപൻസി സാക്ഷ്യപത്രം നല്കുന്നു.

ഉദാ: മാൻഷൻ ഫ്ളാറ്റ്, പള്ളിമുക്ക് ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കൂടാതെയാണ് ഒക്കുപൻസി സാക്ഷ്യപത്രം നല്കിയത്.

3. പെട്രോൾ പമ്പുകളുടെ കാനപി ഏരിയയ്ക്ക് നികുതി ഈടാക്കുന്നില്ല.

4. ചില വിവരങ്ങൾ സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തുന്നു.

ഉദാ: 5 m വീതിയുള്ള റോഡിന് 1.5 m എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

5. 2013 -14 ന് മുമ്പുള്ള വസ്തു നികുതി കുടിശ്ശിക ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ചയുണ്ട്.

6. വസ്തു നികുതി ഒഴിവിനുള്ള അപേക്ഷ എല്ലാ വിമുക്ത ഭടന്മാരും ഏപ്രിൽ 10 ന് മുമ്പ് സമർപ്പിക്കുന്നില്ല.

7. സാംഖ്യയിലെയും സഞ്ചയയിലെയും വസ്തു നികുതി ഡി സി ബി തുകകൾ തമ്മിൽ വ്യത്യാസമുണ്ട്.

8. 14.01.2011 മുതൽ 31.03.2013 വരെയുള്ള പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കിയ നിരക്കിൽ ഈടാക്കുന്നില്ല.

9. 60 m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഉടമകളിൽ നിന്നും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളില്ല എന്ന് സത്യവാങ്മൂലം വാങ്ങുന്നില്ല.

10. പെർമിറ്റ്, വസ്തു നികുതി തുടങ്ങിയവ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ കെടുകാര്യസ്ഥത പുലർത്തുന്നു. വിവിധ രേഖകൾ ഓഫീസിലുണ്ടെന്ന് ഉറപ്പുവരുത്താൻ പോലും കഴിയാത്ത അവസ്ഥ നിലനില്ക്കുന്നു.

## 2 -16 ലൈസൻസുള്ള പട്ടികൾ 5.53% മാത്രം

1998 ലെ കേ. പ. രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്ത് പരിധിയിലെ മുഴുവൻ പട്ടികൾക്കും ലൈസൻസ് നല്കേണ്ടതാണ്. 2016- 17 ൽ പഞ്ചായത്തിലെ മൃഗാശുപത്രിയിൽ നിന്നും 795 പട്ടികൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നത്കിയിട്ടുണ്ട്. എന്നാൽ 44 പട്ടികൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നല്കിയിട്ടുള്ളൂ. ചട്ടം 5 പ്രകാരം ലൈസൻസ് ഇല്ലാത്തവരിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. അത്തരത്തിലുള്ള പിഴ ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ പട്ടികൾക്കും ലൈസൻസ് നല്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും ലൈസൻസ് ഇല്ലാത്തവരിൽ നിന്നും പിഴ ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3- 1 അങ്കണവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലെരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് അങ്കണവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിൽ 30അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 19അങ്കണവാടികൾ ഇന്നും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ 4അങ്കണവാടികൾക്ക് ചുറ്റുമതിലില്ല. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന

അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3- 3 ജാഗ്രതാ സമിതികൾ നിർജ്ജീവം

*കേ.പ.രാജ് നിയമത്തിലെ 164 എ (5) വകുപ്പ് പ്രകാരം പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവക്ക് ശാശ്വത പരിഹാരം കാണുവാനും ഇവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുവാനും വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ജാഗ്രതാ സമിതികൾ പ്രവർത്തിക്കേണ്ടതാണ്. എന്നാൽ 2016 -17 വർഷം വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ജാഗ്രതാ സമിതികൾ പ്രവർത്തിച്ചിട്ടില്ല. പ്രസ്തുത സമിതിയുടെ പ്രാധാന്യം, പ്രവർത്തനം, നൽകുന്ന സേവനം എന്നിവ പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ജനകീയമാക്കിയാൽ ഗ്രാമപഞ്ചായത്ത് മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ സമിതിക്ക് കഴിയുന്നതാണ്. ആയതിനാൽ വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ജാഗ്രതാ സമിതികൾ പ്രവർത്തിപ്പിക്കുവാനും ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള പരസ്യബോർഡ് പഞ്ചായത്ത് കാര്യാലയത്തിന് മുന്നിൽ സ്ഥാപിക്കുവാനും സമിതിയുടെ സേവനം ലഭ്യമാകുന്ന ദിവസം, സമയം എന്നീ വിവരങ്ങൾ പ്രസ്തുത അറിയിപ്പ് ബോർഡിൽ ഉൾപ്പെടുത്തുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.*

## 3-4 പൊതുടാപ്പുകളുടെ വെള്ളക്കരം - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 127750/-രൂപ അടച്ചു വരുന്നു. ആകെ 292ടാപ്പുകൾക്കാണ് പ്രസതുത തുക അടവാക്കുന്നത്. 25.10.2016 ന് K.W.A യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയെങ്കിലും നിലവിൽ പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ അധികൃതർ

അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3 -5 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുവരുത്തുന്നതിനായി തൻവർഷം 1776457/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് കെ.എസ്.ഇ.ബി.യു മായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. ഉപഭോഗത്തിനനുസൃതമായാണ് കറണ്ട്ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പാക്കു ന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

## 3 - 6 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ

മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം. - s0173/17

അടങ്കൽ തുക - 175000

ചെലവ് തുക - 175000

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം. - 02/2016-17 , തിയതി.27.01.2017

'വയോജന ആരോഗ്യ പരിപാലനം' എന്ന പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 175000/-രൂപയുടെ ട്രഷറി ബിൽ 27.01.2017 ന് കേരള സ്റ്റേറ്റ് ഹോമിയോപതി സഹകരണ ഫാർമസിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ മരുന്ന ലഭ്യമാക്കിയിട്ടില്ലായെന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റിന് നേരിട്ട് മറുപടി നല്കിയിട്ടുണ്ട്. കേന്ദ്രീകൃത രീതിയിലുള്ള വാങ്ങൽ നടത്തി ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്ത് വരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണെന്ന് 11-01-2016ലെ ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് നിഷ്കർഷിച്ചിട്ടുണ്ട്. മരുന്നുകൾ ഹോമിയോ ആശുപത്രിക്ക് അടിയന്തിരമായി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3 - 7 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 4310 |
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2391 |
| 2016-17സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2389 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |

| | |
|---|---|
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 51 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 51 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 17 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 17 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 195 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 140 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 94 |
| ആകെ തൊഴിൽ കാർഡുകൾ | 4310 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 102163 |
| 100 ദിനം പൂർത്തിയാക്കിയത് | 44 |
| മുന്നിരിപ്പ് | 5756 |
| വരവ് | 96619 |
| ആകെ വരവ് | 972375 |
| ആകെ ചെലവ് | 948957.50 |
| നീക്കിയിരിപ്പ് | 23417.50 |
| Efms പ്രകാരമുള്ള വരവ് | 365.17 |

| | |
|---|---|
| | lakhs |
| Efms പ്രകാരമുള്ള ചെലവ് | 365.17 lakhs |

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ തൊഴിൽ കാർഡ് നേടിയ 4310കുടുംബങ്ങളിൽ 44കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. 2016 -17 ൽ ആസ്തികൾ ഒന്നും തന്നെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. വരും വർഷങ്ങളിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3- 8 ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| I . പ്രോജക്ട് നം. | 20/17 |
| പ്രോജക്ട് പേര് | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് അടങ്കൽ | 400000 |
| പ്രോജക്ട് ,ചെലവ് | 400000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) |
| ബിൽ നം. | 1/16-17 തീയതി 25.11.16 |
| ഡി.ഡി.നം. | 954511 തീയതി 25.11.16 |
| ലഭ്യമായ മരുന്ന് | 349230/- |

| | |
|---|---|
| II .പ്രോജക്ട് നം. | 21/17 |
| പ്രോജക്ട് പേര് | ജീവാമൃതം (ജീവിതശൈലി രോഗങ്ങൾക്ക് ആയുർവേദ ചികിത്സ) |

| | |
|---|---|
| പ്രോജക്റ്റ് അടങ്കൽ | 100000 |
| പ്രോജക്റ്റ് ,ചെലവ് | 100000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) |
| ബിൽ നം. | 3/16-17 തീയതി 25.11.16 |
| ഡി.ഡി.നം. | 954510 തീയതി 25.11.16 |
| ലഭ്യമായ മരുന്ന് | 93196/- |

| | |
|---|---|
| III. പ്രോജക്റ്റ് നം. | 22/17 |
| പ്രോജക്റ്റ് പേര് | വയോ അമൃതം (വൃദ്ധരായ രോഗികൾക്ക് ആയുർവേദ ചികിത്സ) |
| പ്രോജക്റ്റ് അടങ്കൽ | 300000 |
| പ്രോജക്റ്റ്, ചെലവ് | 300000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) |
| ബിൽ നം. | 2/16-17 തീയതി 25.11.16 |
| ഡി.ഡി.നം. | 954512 തീയതി 25.11.16 |
| ലഭ്യമായ മരുന്ന് | 252387/- |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുവാൻ 2016-17വർഷം മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം ട്രഷറിയിൽ നിന്നും 800000/-രൂപ പിൻവലിച്ച് ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, പത്തനാപുരം എന്ന സ്ഥാപനത്തിന് നല്കിയതിൽ നാളിതുവരെയായി ഓരോ പദ്ധതിക്കും യഥാക്രമം 349230/-, 93196/-, 252387/- എന്നീ തുകകൾക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 106187/- രൂപയുടെ മരുന്ന് ഔഷധിയിൽനിന്നും ആശുപത്രിക്ക് ഇനിയും ലഭിക്കുവാനുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച 30 - ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയുച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3 - 9 എസ്.സി.പി. നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ് 4/16 /തസ്വഭവ/11.01.2016/ 12.1(xvi) പ്രകാരം എസ്.സി.പി പ്രോജക്ടുകളുടെ നിർവഹണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മറ്റി രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എസ്.സി. വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. ഈ കമ്മിറ്റി മാസം തോറും യോഗം ചേർന്ന് പദ്ധതി നിർവഹണവും ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തുകയും പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് തദ്ദേശഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത് ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

## 3 - 10 റോഡ് കണക്റ്റിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ് 4/16 /തസ്വഭവ/11.01.2016/ 11.5(1)& 11.5(iii)പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മേപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് കണക്ടിവിറ്റി മേപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവർത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമ്മർപ്പിക്കണമെന്നും നിർദേശമുണ്ട്. പ്രസ്തുത നിർദേശവും പാലിച്ചിട്ടില്ല. സർക്കാരിന്റെ നിർദ്ദേശം പാലിക്കാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 3 - 11 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3- 12 പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

അങ്കണവാടികളുടെ പേഷകാഹാര വിതരണത്തിന് ചെലവഴിക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50ശതമാനം തുക പ്രത്യേക അക്കൌണ്ടിലാണ് സൂക്ഷിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതുവരുമാനത്തോടൊപ്പമാണ് സൂക്ഷിച്ചുവരുന്നത്. ജി.ഒ (പി) 177/2006/ധനം, 11-3

തിയതി.12-04-2006 പ്രകാരം കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 അങ്കണവാടി വെൽഫയർ കമ്മിറ്റി, നിരീക്ഷണക്കമ്മിറ്റി എന്നിവ നിർജ്ജീവം

ജി ഒ (എം എസ്) 4/2016 ത സ്വ ഭ വ തീയതി 11.01.2016 പ്രകാരം അങ്കണവാടികളിൽ

നിന്നും പോഷകാഹാരം/ ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും പോഷകാഹാരം/

ഭക്ഷണത്തിന്റെ ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ഗ്രാമസഭയിലെ പൊതുസമ്മതരായ 5

പേരടങ്ങുന്ന ഒരു നിരീക്ഷണക്കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത്

ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിച്ച് അങ്കണവാടികളിൽ നിന്നും

പോഷകാഹാരം/ ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും പോഷകാഹാരം/ ഭക്ഷണത്തിന്റെ

ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ ഇത് സംബന്ധിച്ച ഓഡിറ്റ്

അന്വേഷണക്കുറിപ്പ് നം 4/13.09.2017 ന് നല്കിയ മറുപടിയിൽ ഇത്തരത്തിലൊരു

നിരീക്ഷണക്കമ്മിറ്റി പ്രവർത്തിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിരീക്ഷണക്കമ്മിറ്റി

രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള

അങ്കണവാടികൾ സന്ദർശിച്ച് അങ്കണവാടികളിൽ നിന്നും പോഷകാഹാരം/ ഭക്ഷണം

സ്വീകരിക്കുന്നവരുടെ എണ്ണവും പോഷകാഹാരം/ ഭക്ഷണത്തിന്റെ ഗുണനിലവാരവും

ഉറപ്പുവരുത്തേണ്ടതുമാണ്.

അങ്കണവാടി വെൽഫയർ കമ്മിറ്റി പ്രവർത്തനങ്ങൾ മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നടത്തുന്നില്ല. വീഴ്ചകൾ ഒഴിവാക്കി അങ്കണവാടി വെൽഫയർ കമ്മിറ്റി പ്രവർത്തനങ്ങൾ തൃപ്തികരമായി നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-14 ABC നടപ്പിലാക്കിയില്ല – ജനജീവിതം ദുരിതപൂർണ്ണം

| | |
|---|---|
| പ്രോജക്ട് നം. | 178/17 |

| | |
|---|---|
| പ്രോജക്ട് പേര് | അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം |
| പ്രോജക്ട് അടങ്കൽ | 100000 |
| പ്രോജക്ട് ,ചെലവ് | 0 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

2016-17 വർഷം 100000/- രൂപ അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയ പദ്ധതി നടപ്പിലാക്കിയില്ല. 2016 -17 ൽ പേവിഷബാധയേറ്റ 113 ജന്തുക്കൾക്ക് കുത്തിവയ്പ്പ് നല്കിയതായി വെറ്ററിനറി സർജൻ വ്യക്തമാക്കിയിട്ടുണ്ട്. നിരവധി വ്യക്തികൾക്കും പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ് വേണ്ടി വന്നിരിക്കാം. അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം കൃത്യമായി നടപ്പിലാക്കിയിരുന്നെങ്കിൽ ജനജീവിതം ദുരിതപൂർണ്ണമാകാതിരുന്നേനെ. ആയതിനാൽ ജനജീവിതം സുഗമമാക്കാൻ ആവശ്യമായ ഇത്തരം പദ്ധതികൾ വീഴ്ച കൂടാതെ നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3- 15 അംഗീകാരം ലഭിച്ച 198 പദ്ധതികളിൽ 27 പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 198 പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയെങ്കിലും 171 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.60036727/- രൂപ അടങ്കലിൽ തയ്യാറാക്കിയ 199 പദ്ധതികളിൽ നടപ്പിലാക്കിയ 171 പദ്ധതികൾക്ക് ചെലവ് ചെയ്തത് 37735419/- രൂപ മാത്രമാണ്. അതായത് പദ്ധതി അടങ്കലായി വകയിരുത്തിയതിന്റെ 62.85 % മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതി നടത്തിയതിന്റെ മേഖല തിരിച്ചുള്ള വിവരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 1333366 | 967096 | 73 |
| 2 | വെറ്ററിനറി സർജൻ | 8 | 7 | 4212100 | 2575100 | 61 |
| 3 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 4 | 4 | 763389 | 763389 | 100 |
| 4 | മെഡി.ഓ. ഹോമിയോ | 2 | 2 | 325000 | 325000 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 850000 | 850000 | 100 |
| 6 | വി.ഇ.ഒ എ&ബി സർക്കിൾ | 9 | 8 | 8088800 | 5552800 | 69 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 3709011 | 3046177 | 82 |
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 35 | 23 | 11914726 | 7990229 | 67 |
| 9 | ഹെഡ്മാസ്റ്റർ | 3 | 2 | 1132000 | 644000 | 57 |
| 10 | അസി.എഞ്ചിനീയർ | 107 | 97 | 23063915 | 12931208 | 57 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 10 | 4478600 | 2090420 | 47 |

പദ്ധതി വിലയിരുത്തൽ

ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയ പദ്ധതികൾ മുഴുവൻ നടപ്പാക്കാത്തതിലൂടെ ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിലുണ്ടായ ഏറ്റക്കുറച്ചിലുകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1) ഉൽപാദനം - കാർഷിക മേഖല (നിർവ്വഹണം - കൃഷിഓഫീസർ)

കാർഷിക മേഖലയിൽ പ്രവൃത്തിയെടുക്കുന്ന നിരവധിയാളുകളെ ഉൾക്കൊള്ളുന്നതും കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കൃഷിഭൂമിയെ ഉൾക്കെള്ളുന്നതുമായ ഗ്രാമപഞ്ചായത്ത് ഉൽപാദനമേഖലയായ കാർഷിക മേഖലക്ക് ആകെ 9 പദ്ധതികൾ തയ്യാറാക്കി 1333366 /-രൂപയാണ് നീക്കിവെച്ചത്. എന്നാൽ പ്രസ്തുത പദ്ധതികൾക്ക് ചെലവ് ചെയ്തത് 967096 /-രൂപയാണ്. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉൽപാദന മേഖലയായ കാർഷിക മേഖലയുടെ സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അതിലൂടെ കർഷകരുടെ ക്ഷേമവും കാർഷിക മേഖലയുടെ സ്വയം പര്യാപ്തതയും ഉറപ്പ് വരുത്തുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) ഉൽപാദനം - മൃഗസംരക്ഷണം, ക്ഷീരവികസനം (നിർവ്വഹണം - വെറ്ററിനറി സർജൻ)

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയാസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും (2012-17) സംബന്ധിച്ച മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം 2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള മൃഗസംരക്ഷണം - ക്ഷീരവികസനം മേഖലക്ക് മതിയായ പ്രാധാന്യം നൽകിയിട്ടില്ല. മൃഗ-പക്ഷി സമ്പത്ത്, പാൽ, മുട്ട, മാംസം എന്നിവ വർദ്ധിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യമെന്ന് പ്രസ്തുത മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ 18പദ്ധതികൾക്ക് 5789366/-രൂപ അടങ്കലായി നിശ്ചയിച്ചുവെങ്കിലും വെറും 3846968/-രൂപാ മാത്രമാണ് പ്രസ്തുത മേഖലയിൽ ചെലവ് ചെയ്തിട്ടുള്ളത്. മൃഗപരിപാലന മേഖലയിൽ പണിയെടുക്കുന്ന നിരവധിയാളുകളെ ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്തിൽ ഇത്തരത്തിൽ നാമമാത്രമായ തുക ചെലവ് ചെയ്തത് അധികൃതരുടെ പദ്ധതി ആസൂത്രണത്തിലെ പോരായ്മയാണ്.

3) സേവനമേഖല (നിർവ്വഹണം - വി.ഇ.ഒ)

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി 22404608/-രൂപ അടങ്കലിൽ 51 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 16169553/-രൂപ ചെലവ് ചെയ്ത് 40 പദ്ധതികൾ മാത്രമാണ് ഈ മേഖലയിൽ നടപ്പിലാക്കിയത്. വസ്തു വാങ്ങൽ, ഭവനനിർമ്മാണം എന്നിവക്കുള്ള ധനസഹായം, ശുദ്ധജല സംരക്ഷണവുമായി ബന്ധപ്പെട്ട കിണർ നിർമ്മാണം, പ്രധാൻമന്ത്രി ആവാസ് യോജന (പദ്ധതി തയ്യാറാക്കിയിട്ടുണ്ട്) തുടങ്ങിയ സേവന മേഖലക്ക് ഗ്രാമപഞ്ചായത്ത് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല.

4). പശ്ചാത്തലമേഖല (നിർവ്വഹണം - അസി.എഞ്ചിനീയർ)

അസിസ്റ്റന്റ് എഞ്ചിനീയർ ത.സ്വ.ഭ.വ. നിർവ്വഹണോദ്യോഗസ്ഥനായി 26838853/-രൂപ അടങ്കലിൽ 116 പ്രജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 15604878/-രൂപ ചെലവ് ചെയ്ത് 106പ്രജക്റ്റുകൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് പശ്ചാത്തലമേഖലയിൽ നടപ്പിലാക്കിയത്.

ഇതിൽ 9 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് അടങ്കൽ തുക നിശ്ചയിച്ച് അംഗീകാരം വാങ്ങിയതിന് ശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് വികസന പ്രവർത്തനങ്ങളോടുള്ള അധികൃതരുടെ നിരുത്തരവാദപരമായ സമീപനത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇത്തരം സമീപനങ്ങൾ സാമൂഹ്യപുരോഗതിയെ ഗുരുതരമായാണ് ബാധിക്കുന്നത്. ഭാവിയിൽ ഇത്തരം പദ്ധതി നിർവ്വഹണ വിരുദ്ധ സമീപനങ്ങളുണ്ടാകാതെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് തുക വകയിരുത്തുവാനും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആസൂത്രണം ചെയ്യുന്ന മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ മേൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ ആവർത്തിക്കാതെ ഇരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 വിളവൂർക്കൽ പഞ്ചായത്ത് -മൃഗാശുപത്രി മെയിൻറനൻസ് -അപാകതകൾ-നഷ്ടം 3034/-രൂപ

| | |
|---|---|
| പദ്ധതി നം. | 103/2017 |
| അടങ്കൽ | 490000/- രൂപ |
| ചെലവ് | 396887/- രൂപ |
| എം. ബുക്ക് നം. | 599/2016-17 |
| ബിൽ നം. | 95/16-17 തീ 30/03/17 |
| കരാറുകാരൻ | അനീഷ് എസ് .എ |

1. നിലവിലെ ഫ്ളോറിംഗ് കോൺക്രീറ്റ് പൊളിച്ചു നീക്കി വീണ്ടും കോൺക്രീറ്റ് ചെയ്തു.

എം. ബുക്ക് ഇനം നമ്പർ 1 ആയി 0.396M3 (3.30x1.2x0.10)അളവിൽ നിലവിലെ ഫ്ളോറിംഗ് കോൺക്രീറ്റ് പൊളിച്ചു നീക്കിയിട്ടുണ്ട്. കൂടാതെ ഇതേ പ്രവൃത്തി ഇനം നമ്പർ 2 ആയി ഇതേ അളവിൽ വീണ്ടും ചെയ്തതായി കാണുന്നു.നിലവിലെ ഫ്ളോറിംഗ് കോൺക്രീറ്റ് പൊളിച്ചു നീക്കി വീണ്ടും ഇതേ അളവിൽ കോൺക്രീറ്റ്ചെയ്തതിന്റെ ആവശ്യകതവ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം പ്രകാരം ബോധ്യപ്പെടുത്തിയിട്ടും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ തികച്ചും അനവസരത്തിലുള്ള ഈ പ്രവൃത്തികൾക്കു വേണ്ടി ചെലവഴിച്ച 3034/-രൂപാ ചുവടെ ചേർക്കും പ്രകാരം ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രവൃത്തി നം. 1 Demolishing cement concrete mannually/by mechanical means......(DSR 15-2-2 )

| |
|---|
| 3.30x1.2x0.10=0.396 $m^3$ |

| |
|---|
| 0.396m3x807.42/-m$^3$ =309.74/- |
| പ്രവൃത്തി നം. 2 Providing and laying in position of specified cemment concrete 1:3:6 ........................ (DSR 4-1-6) |
| 3.30x1.20x0.10=0.396 m $^3$ |
| 0.396m$^3$ @6853.16/m$^3$=2713.85/- |
| ആകെ = 3034/ |

2. സർവീസ് ടാക്സ് തുകയിൽ നിന്നും റിക്കവറി നടത്തി.

മേൽ പ്രവൃത്തിയുടെ ആകെ മൂല്യം 443424/-രൂപയാണ്.ആയതിനാൽ സർവീസ് ടാക്സ് ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുക 46560/-(10.5%).എന്നാൽ ഈ തുകയിൽ നിന്നും 19%ടെണ്ടർ കിഴിവും 6% നികുതി റിക്കവറികളും നടത്തിയിട്ടുണ്ട്.

സർവീസ് ടാക്സ് ഉൾപ്പെടെ കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 443424/- |
| സർവീസ് ടാക്സ് | 46560/- |
| ടെണ്ടർ കിഴിവ് (19%) | 84251/- |
| ബാക്കി | 359173/- |
| റിക്കവറികൾ =VAT4% | 14368/- |
| IT = 1% | 3592/- |
| KCWWF = 1% | 3592/- |
| ബാക്കി തുക | 337621/- |

| | |
|---|---|
| സർവീസ് ടാക്സ് ഉൾപ്പെടെ കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക | 384181/-(337621+46560) |

എന്നാൽ സർവീസ് ടാക്സ് ഉൾപ്പെടെ കൺവീനർക്ക് നൽകിയ തുക 373074/-രൂപയാണ്.എന്നാൽ ഈ തുകയിൽ നിന്നും 19%ടെണ്ടർ കിഴിവും 6% നികുതി റിക്കവറികളും നടത്തിയിട്ടുള്ളതിനാൽ സർവീസ് ടാക്സ് ഇനത്തിൽ അടവാക്കേണ്ടിയിരുന്ന മുഴുവൻ തുകയും ഒടുക്കുവരുത്തിയിരുന്നോ എന്ന് ഓഡിറ്റ് എൻക്വയറി നം 26 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയം സംബന്ധിച്ച നിജസ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3 - 17 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| I. പ്രോജക്ട് നം. | 43/ 16 - 17 |
| പ്രോജക്ട് പേര് | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) |
| ബിൽ നം. | 2/16-17 തീയതി 15.11.16 |
| തുക | 200000 |
| ലഭ്യമാകാനുള്ള മരുന്ന് | 43476/- രൂപയുടെ മരുന്ന് |

| | |
|---|---|
| II പ്രോജക്ട് നം. | 45/ 16 - 17 |
| പ്രോജക്ട് പേര് | പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) |
| ബിൽ നം. | 3/16-17 തീയതി 30.12.16 |

| | |
|---|---|
| തുക | 139440/-രൂപ |
| ലഭ്യമാകാനുള്ള മരുന്ന് | 74142/- രൂപയുടെ മരുന്ന് |

കാരുണ്യയിൽ നിന്ന് മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

## 3 -18 പാലിയേറ്റീവ് കെയർ - കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം. 176/16-17 പ്രകാരം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയിൽ 100000/- രൂപ അടച്ചതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്.

## 3- 19 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ തുക - 308000/- രൂപ നിരാകരിക്കുന്നു.

I വിനിയോഗ, പൂർത്തീകരണ സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 19/16 - 17 |
| പ്രോജക്ട് പേര് | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ |
| ബിൽ നം. | 21/16-17 തീയതി 23.02.17 |
| തുക | 642063/- |

മേൽ പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, കെ.എസ്.ഇ.ബി യിൽ നിന്നുള്ള കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കേണ്ടതാണ്.

II ടച്ച് സ്ക്രീൻ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 140/16 - 17 |
| പ്രോജക്ട് പേര് | ഐ.എസ്.ഒയുടെ ഭാഗമായി ഫ്രണ്ട് ഓഫീസിൽ ടച്ച് സ്ക്രീൻ സ്ഥാപിക്കൽ |
| ബിൽ നം. | 39/16-17 തീയതി 23.03.17 |
| തുക | 261919/- രൂപ |

മേൽ പദ്ധതി പ്രകാരം സ്ഥാപിച്ച ടച്ച് സ്ക്രീൻ നാളിതുവരെ പ്രവർത്തനക്ഷമമാക്കാതെ

സൂക്ഷിക്കുകയാണ്. ഓഡിറ്റ് എൻക്വയറി നം 36 ന് നൽകിയ മറുപടിയിൽ ടച്ച് സ്ക്രീനിന് സമീപം യു.പി.എസ് കണക്ഷൻ ഏർപ്പെടുത്തി അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

III വെള്ളക്കരം കുടിശ്ശിക – വൻതുക ബാദ്ധ്യത

| | |
|---|---|
| പ്രോജക്ട് നം. | 143/16 - 17 |
| പ്രോജക്ട് പേര് | കെ.ഡബ്ള്യു.എ വെള്ളക്കരം കുടിശ്ശിക അടവാക്കൽ |
| ബിൽ നം. | 18/16-17 തീയതി 31.03.17 |
| തുക | 1656708/- രൂപ |

കെ.ഡബ്ള്യു.എ യുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നല്കിയ KWA/WSD/AB3/1595/05/ NTA Vol.IV തീയതി 15.4.2016 - ാം നമ്പർ കത്ത് പ്രകാരം 4/16 വരെ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 6041464/- രൂപ പഞ്ചായത്ത് അടയ്ക്കാനുണ്ട്. കാലാകാലങ്ങളിൽ തുക കൃത്യമായി അടയ്ക്കാത്തതുകൊണ്ടാണ് ഇത്രയധികം ബാദ്ധ്യത പഞ്ചായത്തിന് ഉണ്ടായത്.വാട്ടർ അതോറിറ്റി തുക കണക്കാക്കിയതിന്റെ നിജസ്ഥിതി പരിശോധിക്കുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 32 ന് നല്കിയ മറുപടി തൃപ്കികരമല്ല.

IV തെരുവ് വിളക്ക് പരിപാലനം - പഞ്ചായത്തിന് വൻതുക നഷ്ടം

| | |
|---|---|
| 1)പ്രോജക്ട്നം. | 223/16 - 17 |
| പ്രോജക്ട് പേര് | തെരുവ് വിളക്ക് മെയിന്റനൻസ് |
| ബിൽ നം. | 36/16-17 തീയതി, 31.03.17 |
| തുക | 241027/- രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെക്ക് നം. | 175821 തീയതി, 31.03.2017 |
| തുക | 66973/- രൂപ (തനത് ഫണ്ട്) |
| ആകെ | 308000/- രൂപ |

| | |
|---|---|
| 2) പ്രോജക്ട് നം. | 28/16 - 17 |

| | |
|---|---|
| പ്രോജക്റ്റ് പേര് | തെരുവ് വിളക്ക് മെയിന്റനൻസ് |
| ബിൽ നം. | 11/16-17 തീയതി 24.11.16 |
| തുക | 696049/-രൂപ(ധനകാര്യകമ്മീഷൻ അവാർഡ്) |

ഒരു സാമ്പത്തിക വർഷം സമാനമായ ഒന്നിലധികം പദ്ധതികൾ ഒരേ ആവശ്യത്തിന് നടപ്പിലാക്കിയത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകാൻ കാരണമായി. 19.10.2016 ന് നടന്ന പഞ്ചായത്ത് കമ്മിറ്റി പ്രോജക്റ്റ് നം.- 28/16 – 17 പ്രകാരമുള്ള തെരുവ് വിളക്ക് മെയിന്റനൻസിന് ശ്രീ. രാമചന്ദ്രൻ നായർ , ശ്രീപാദം, ഇലിപ്പോട് , വട്ടിയൂർക്കാവ് എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാന് നിലവിലുള്ള കെ എസ് ഇ ബി നിരക്കിനേക്കാൾ 26.3 % കുറഞ്ഞ നിരക്കിൽ ബിൽ നം.- 11/16-17 തീയതി 24.11.16 പ്രകാരം 696049/- രൂപയ്ക്ക് ടി പ്രവൃത്തി നിർവ്വഹിക്കുന്നതിന് നല്കുകയും ചെയ്തു. ആയതിൻ പ്രകാരം ശ്രീ. രാമചന്ദ്രൻ നായർ ടി പ്രവൃത്തി നിർവ്വഹണം നടത്താൻ ബാദ്ധ്യസ്ഥനായിരിക്കെ തന്നെ പ്രോജക്റ്റ് നം.- 223/16 – 17 പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന് 07.03.2017 ന് നടന്ന പഞ്ചായത്ത് ഭരണസമിതി യോഗം ശ്രീ. രാമചന്ദ്രൻ നായരെ ചുമതലപ്പെടുത്തി. ബിൽ നം. - 36/16-17 തീയതി 31.03.17 പ്രകാരം 241027/- രൂപയും ചെക്ക് നം. 175821 തീയതി 31.03.2017 പ്രകാരം 66973/- രൂപയും ഉൾപ്പെടെ 308000/- രൂപ. പ്രോജക്റ്റ് നം.- 223/16 – 17 പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന് നല്കുകയുണ്ടായി. പഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകളും മെയിന്റനൻസ് നടത്താൻ പ്രോജക്റ്റ് നം.- 28/16 – 17 പ്രകാരം ശ്രീ. രാമചന്ദ്രൻ നായർ ബാദ്ധ്യസ്ഥനായിരിക്കെ സമാനമായ വ്യവസ്ഥകളോടെ ഒരു പദ്ധതി കൂടി അതേ കരാറുകാരന് നല്കിയത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായി. ആയതിനാൽ പ്രോജക്റ്റ് നം.- 223/16 – 17 പ്രകാരം ശ്രീ. രാമചന്ദ്രൻ നായർക്ക് നല്കിയ തുക 308000/- (ബിൽ നം 36/16-17 തീയതി 31.03.2017, 241027/- രൂപ ചെക്ക് നം 175821 തീയതി 31.03.2017 66973/-) നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു. ടി വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം 32 ന് നല്കിയ മറുപടി നിലനിൽക്കുന്നതല്ല. 07.03.2017 ന് നടന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ടി കരാറുകാരന് അംഗീകാരം നല്കിയ ഭരണസമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുക തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | ചെക്ക്നം. | തുക | | തുക |
|---|---|---|---|---|---|---|
| 1 | KWA | ലൈൻ ദീർഘിപ്പിക്കൽ | ഓൺലൈൻ ട്രാൻഫർ | 81000 | | |
| 2 | KSEB | മീറ്റർ സ്ഥാപിക്കൽ | ഓൺലൈൻ ട്രാൻഫർ | 1013063 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ)നം. 207/2010/ ത.സ്വ.ഭ.വ 20.01.2010 | 14023500 | 3991273 | 0 | 0 | 3991273 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2010-11 | 3-7 | 13500 | ഷൈല, സെക്രട്ടറി | 11604104360 17.10.2016 |
| 2014-15 | | 2500 | യൂണിറ്റ് ഓഫീസർ | 11604105028 11.11.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

## വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-2008 | 3-5 | 2009-2010 | 3-5 | ഡിപിസി അംഗീകാരം ലഭിക്കാത്ത പദ്ധതി നടപ്പിലാക്കിയത് | നടപടി തുടരുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവര

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70863144.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58058220.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ<br>അംഗീകരിക്കാത്ത തുക | : | 311034 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-16 | - | 3034 | ശ്രീ. ലിയോ.എൽ.ജോസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | ജോസ് വില്ല,മണ്ണടി ക്കോണം, ഊരൂട്ടമ്പലം പി ഒ 695507 |
| 3-18 | - | 308000 | റൈറ്റസ് ഡി. സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ലിയോ.എൽ. ജോസ് അസിസ്റ്റന്റ് എഞ്ചിനീയർ | ജോസ് വില്ല, മണ്ണടിക്കോണം, ഊരൂട്ടമ്പലം പി.ഒ 695507 | ജോസ് വില്ല, മണ്ണടിക്കോണം, ഊരൂട്ടമ്പലം പി ഒ 695507 |
| 2 | റൈറ്റസ് ഡി. സെക്രട്ടറി | രേവതി, മണത്തോട്ടം, വെള്ളറട പി.ഒ, പിൻ -695505 | രേവതി, മണത്തോട്ടം, വെള്ളറട പി.ഒ, പിൻ -695505 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.4/889/2013, തീയതി 16.04.2013 | 1 | |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/890/2013, തീയതി 16.04.2013 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/704/2004 തീയതി.25.06.2014 | 9 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/820 /2005, തീയതി.31.01.2014 | 7 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/311/2007 തീയതി.25.06.2014 | 8 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/483/2007 തീയതി.24.10.2011 | 11 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/484/2008 തീയതി.02.11.2011 | 11 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/800/2009 തീയതി.08.07.2011 | 8 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2297/2011 തീയതി.05.04.2013 | 6 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2298/2011 തീയതി.16.04.2013 | 7 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1700/2014 തീയതി.20.10.2014 | 17 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1789 /2014(2) തീയതി.08.12.2014 | 10 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1173/2014 തീയതി.13.10.2014 | 17 | |
| 2013-14 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1078/2015 തീയതി.28.09.2015 | 24 | |
| 2014-15 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1336/2016,തീയതി 30/07/2016 | 18 | |
| 2015-16 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 2131/2016 തീയതി.08.12.2016 | | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.6/10/17

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ ബി3 ഷെഡ്യൂളിലെ Capital Contributionതുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2) B5 ഷെഡ്യൂളിലെ Secured loan from co-operative banks 3991273/- ആണ് കാണുന്നത്. ആയത് loan register പ്രകാരം ടി തുക 3916273/- ആണ്. 75000/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

3) Discrepancy solving step ലൂടെ എല്ലാ അപാകതകളും പൂർണ്ണമയും പരിഹരിച്ചിട്ടില്ലാത്തതിനാൽ ആർ.പി. പത്രികയിലെ Residential building arrear, current, Non-residential building arrear current എന്നിവ പൂർണ്ണമായും കണക്കാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യയിൽ 2016-17 വർഷത്തെ കളക്ഷൻ കൃത്യമാണോയെന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4) തൊഴിൽനികുതി, ഡി & ഒ എന്നീ രജിസ്റ്ററുകളിൽ ഡിമാന്റ് , കളക്ഷൻ ബാലൻസ് എന്നിവ കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

6. തനത്ഫണ്ട് വരവിൽ വ്യത്യാസം നിലനില്ക്കുന്നു.

| ക്രമ നം. | ഇനം | രജിസ്റ്റർ/ഡി.സി ബി പത്രിക പ്രകാരമുള്ള വരവ് | AFSപ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | തൊഴിൽ നികുതി (ജീവനക്കാർ | 155085.00 | 499670.00 |

| | | | |
|---|---|---|---|
| 2 | കെട്ടിട നികുതി (തൻ വർഷം ) | 2595406.00 | 2337861.00 |
| 3 | കെട്ടിട നികുതി (കുടിശ്ശിക) | 1379450.00 | 1286083.00 |

7. ഡി സി ബി പത്രിക പ്രകാരം തൊഴിൽ നികുതി (ജീവനക്കാർ ), വസ്തു നികുതി (തൻവർഷം) എന്നിവയുടെ ഡിമാന്റ് യഥാക്രമം 155085/- രൂപയും 4354289/- രൂപയുമാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ഇവ യഥാക്രമം 511670/- രൂപയും 4348188/- രൂപയുമാണ്.

8. സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരം വിനോദ നികുതി വരവ് 658095/- രൂപയാണ്. എന്നാൽ എ എഫ് എസ് പ്രകാരം വരവ് 490695/- രൂപയാണ്.

9. 2015 – 16 ലെ എ എഫ് എസ് പ്രകാരം തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് എന്നിവയ്ക്ക് കുടിശ്ശിക ഇല്ല. എന്നാൽ തൻവർഷം ഈ ഇനങ്ങളിൽ യഥാക്രമം 16870/- രൂപയുടെയും 14200/- രൂപയുടെയും വരവുണ്ട്.

10. M.G.N.R.E.G.S അക്കൌണ്ടിൽ RP 31 പ്രകാരമുള്ള വരവ് 959719/- രൂപയും RP 16 പ്രകാരമുള്ള ചെലവ് 942057/- രൂപയും ആണ്. എന്നാൽ സ്ഥാപനത്തിന്റെ കാഷ് ബുക്ക് പ്രകാരം ഇവ യഥാക്രമം 966619/- രൂപയും 948957/- രൂപയുമാണ്. 6900/-രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു. ടി 6900/- രൂപ I – 6, I – 14 (a) ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല.

11. RP 40 (b) യിൽ പ്ളാൻ ഫണ്ട് SBI അക്കൗണ്ടിൽ 80511.20/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നു. ഇത് സംബന്ധിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

12. വാർഷിക ധനകാര്യ പത്രിക പ്രകാരം ഷോ ടാക്സ് ഇനത്തിൽ 155085/- രൂപയുടെ വരവ് കാണുന്നു. ഷോ ടാക്സ് നിർത്തലാക്കിയ സാഹചര്യത്തിൽ ഇത് ഏത് ഇനത്തിലെ വരവ് ആണെന്ന് വ്യക്തമല്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്